# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| 1. റവന്യൂ ജില്ലാ | : | എറണാകുളം |
| 2. സ്കൂൾ കോഡ് | : | 28024 |
| 3. സ്കൂളിന്റെ പേര് | : | എം.ടി.എം ഹയർ സെക്കന്ററി സ്കൂൾ, പാമ്പാക്കുട |
| 4. മേൽവിലാസം | : | എം.ടി.എം ഹയർ സെക്കന്ററി സ്കൂൾ, പാമ്പാക്കുട |
| 5. പിൻകോഡ് | : | 686667 |
| 6. ഇ - മെയിൽ അഡ്രസ് | : | mtmhs28024@gmail.com |
| 7. ഗ്രാമ പഞ്ചായത്ത് | : | പാമ്പാക്കുട |
| 8. വിദ്യാഭ്യാസ ജില്ലാ | : | മുവാറ്റുപുഴ |
| 9. സബ്ജില്ലാ | : | പിറവം |
| 10. ക്ലാസുകൾ | : | 5 മുതൽ 12 വരേ |
| 11. മാനേജ്മന്റ് | : | സിംഗിൾ മാനേജ്മന്റ് |
| 12. പഠനമാധ്യമം | : | മലയാളം,English |

# അക്കാഡമിക് മാസ്റ്റർ പ്ലാൻ

# എം.ടി.എം ഹയർ സെക്കന്ററി സ്കൂൾ, പാമ്പാക്കുട

## ആമുഖം

1936 -ൽ സ്ഥാപിതമായ ഈ സ്കൂൾ പാഠ്യ,പഠ്യേതര വിഷയങ്ങളിൽ തനതായ കാഴ്ചപ്പാടോടെ, സുവ്യക്തമായ ലക്ഷ്യങ്ങളോടെ മേഖലയിൽ, സുവ്യക്തമായ വൈജ്ഞാനിക അടയാളത്തെ രേഖപ്പെടുത്തി വർത്തിക്കുന്നു. വര്ഷങ്ങളായി **SSLC** പരീക്ഷയിൽ നൂറുമേനി വിജയം നിലനിർത്തി, പാഠ്യേതങ്ങളായ കലാ കായിക മത്സരങ്ങളിൽ മൂല്യസ്ഥാനം നേടി വിരാജിക്കുന്നു. എസ്.പി.സി, എൻ.സി.സി.,റെഡ്ക്രോസ്, സ്കൗട്ട് & ഗൈഡ്,ലിറ്റിൽ കൈറ്റ്സ് എന്നി യൂണിറ്റുകൾ കുട്ടികളുടെ വ്യക്തിത്വ,ചുമതലാ രംഗത്ത് പരിവർത്തനം നടത്തുകയും സ്വഭാവരൂപീകരണത്തിൽ തനതായ പങ്കുഹിക്കുകയും ചെയ്യുന്നു.

ഇന്നത്തെ കാലഘട്ടത്തിനനിവാര്യമായ നീന്തൽ അഭ്യാസം എല്ലാ കുട്ടികൾക്കും ലഭ്യമാക്കത്തക്ക രീതിയിൽ, തനതായ പ്ലാനിങ്ങും, തയ്യാറെടുപ്പും സ്വന്തം പൂളിൽ നടപ്പിലാക്കി വരുന്നു.IT , ലാഹായവിരുദ്ധ,സയൻസ് ക്ലബ്ബ്കൾ, വിദ്യാരംഗം തുടങ്ങിയ വിവിധ ക്ലബ്ബ്കൾ ഉത്തരവാദിത്തത്തോടെ നാനാവിധ പരിപാടികളും പ്രോജക്ടുകളുമായി മുന്നേറുന്നു.

**PTA ,SMC** , സ്റ്റാഫ് കൗൺസിൽ എന്നിവയുടെ പിന്തുണയോടൊപ്പം, സ്കൂൾ മാനേജ്മെന്റും തനത് കാഴ്ചപ്പാടോടെ വേണ്ട പിന്തുണയുമായി കൂടെ നിൽകുമ്പോൾ, മേഖലയിലെ വിദ്യാഭ്യാസശക്തിയായി സ്കൂൾ മാറുന്നു എന്ന തിരിച്ചറിവ് സാഭിമാനം ഞങ്ങൾ പങ്ക് വയ്ക്കുന്നു.

ക്രിയാത്മകവും, സമ്പുഷ്ടവുമായ വൈജ്ഞാനിക,ഭൗതിക, മേഖലകകിൽ പരിപോഷണത്തിനു ഊന്നൽ നല്കാൻ ഞങ്ങൾ സദാ ശ്രദ്ധരാണ്. അതിനു കഴിയുമെന്ന ഉറപ്പോടെ ഓരോ പ്രവർത്തനവും മുന്നോട്ട് .

**Shiby**
SRG കൺവീനർ

**Jessy K. Joy**
ഹെഡ്മിസ്ട്രസ്

# അക്കാദമിക മികവ്

പാമ്പാക്കുട എം.ടി.എം ഹയർ സെക്കന്ററി സ്കൂൾ കഴിഞ്ഞ അക്കാദമിക വര്ഷം പാഠ്യപഠ്യേതര പ്രവർത്തനങ്ങളിൽ മികച്ച പ്രകടനമാണ് കാഴ്ച വച്ചത്. സ് സ് എൽ സി പരീക്ഷയിൽ 25 ഫുൾ A പ്ലസ്സുകൾ കാരസ്ഥമാമാക്കി. USS / NMMS മത്സരപരീക്ഷകളിൽ എട്ടു വിദ്യാർഥികൾ ജേതാക്കളായി. കലാകായിക മേഖലകളിൽ വിവിധ മത്സരങ്ങളിൽ മികച്ച പ്രകടനമാണ് വിദ്യാർഥികൾ കാഴ്ചവെച്ചത്. പോണ്ടിച്ചേരിയിൽ വെച്ച് നടന്ന ദേശിയ നേടി ബോൾ മത്സരത്തിൽ രണ്ടു വിദ്യാർഥികൾ പങ്കെടുക്കുകയുണ്ടായി.

മാലിന്യമുക്ത നവകേരളം എന്ന പരിപാടിയുടെ കേരളത്തിലെ അംബാസിഡറായി ഈ സ്കൂളിലെ വിദ്യാർത്ഥിനി അനാമിക അനീഷ് തിരഞ്ഞെടുക്കപ്പെട്ടു. സ്കൂളിലെ സ് പി സി , എൻ സി സി യൂണിറ്റുകളുടെ നേതൃത്വത്തിൽ പന്തപ്ര ആദിവാസി കോളണിയിലെ വിദ്യാർത്ഥികൾക്കായി ഏകദിന ക്യാമ്പ് സംഘടിപ്പിച്ചു. ക്യാമ്പിൽ ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹിക ഉന്നമനം എന്നിവയിൽ ക്ലാസുകൾ നൽകി. പഠനോപകരണ വിതരണം നടത്തി.

# ഭൗതികം

## നേട്ടങ്ങൾ

പൊതുചടങ്ങുകൾ സംഘടിപ്പിക്കുന്നതിനായി 400 കസേരകൾ ഇടുവാൻ പാകത്തിനുള്ള ഔഡിറ്റോറിയം നമുക്കുണ്ട്.ഒപ്പം വിവിധ പരിപാടികൾ അവതരിപ്പിക്കുന്നതിനുള്ള സ്റ്റേജും.

കൂടാതെ 30 ഓളം കമ്പ്യൂട്ടറുകൾ സ്ഥാപിച്ചിട്ടുള്ള IT ലാബ്, ചെടികളും മരങ്ങളും നിറഞ്ഞ ഗ്രീൻ ക്യാമ്പസ്, സ്കൂളിന്റെ മുന്നിലും പിന്നിലും വിശാലമായ മുറ്റം എന്നിവയും സജ്ജീകരിക്കുന്നതിനു സാധിച്ചു.

# സാമൂഹികം

## നേട്ടങ്ങൾ

സ്കൂളിന്റെ പരിസരത്തുള്ള പബ്ലിക് ലൈബ്രറി, വിവിധക്ലബ്ബ്കൾ, ജനമൈത്രി പോലീസ്, എന്നിവരുടെ സഹായത്താലും പിന്തുണയാലും പഠ്യേതര പ്രവർത്തനങ്ങൾ നല്ല രീതിയിൽ കൊണ്ടുപോകാൻ സാദിക്കുന്നുണ്ട്. സർവീസ് സഹകരണ ബാങ്ക്, നിരവധി സുമനസ്സുകൾ എന്നിവരുടെ സഹായസഹകരണത്താൽ 25 ൽപരം ദിനപത്രങ്ങൾ ദിവസേന സ്കൂളിൽ കുട്ടികൾക്കായി ലഭ്യമാകുന്നു.

## പരിമിതികൾ

ഓരോ ദിനത്തിനും അതിന്റെതായ പ്രാദാന്യവും പ്രസക്തിയും ഉണ്ട്. കൂടാതെ ആചാരണവും ഉണ്ട്. കുട്ടികളുടെ ക്ലാസ് സമയം കളഞ്ഞുള്ള ഇത്തരം പരിപാടികൾക്ക് പരിമിതികളുണ്ട്. പി.ടി.എയുടെ സഹകരണത്തോടെ ഈ പരിമിതിയെ മറികടക്കാൻ ശ്രമിക്കുന്നു.

# സയൻസ്

# 2025-’26

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അത്ഭുത കണ്ണിലൂടെ: കൗതുകം, ജിഞ്ജാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്കു മുന്നിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കുവാൻ അവസരം നൽകുന്നു.<br>മോഡലുകൾ പറഞ്ഞു കൊടുത്തു കുട്ടികളെ കൊണ്ട് മോഡൽ നിർമിക്കുന്നു.<br>പാഠങ്ങളുമായി ബന്ധപെട്ടു വസ്തുക്കളുടെ പ്രദർശനം. | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | പി.ടി.എ |
| 2) ശാസ്ത്ര ലോകത്തേക് : നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യുനുള്ള ശേഷി നേടുകയും ചെയ്യുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു.<br>ശാസ്ത്ര ശില്പശാലകൾ സംഘടിപികുന്നു | അക്കാദമിക വർഷം 1 തവണ | സയൻസ് അദ്ധ്യാപകർ | സയൻസ് ക്ലബ് |
| 3) ഹൈടെക് വേൾഡ്: മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക | ക്ലാസ്സുകളിൽ ശാസ്ത്രാ മാസിക പ്രസിദ്ധീകരണം<br>സുസൈൻസ് ലാബ്, ഐ.ടി ലാബ് എന്നിവയുടെ ആധുനിക വൽക്കരിക്കൽ. | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | പി.ടി.എ, മാനേജ്മന്റ് |
| 4)ആയുർരേഖ: പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക . | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുക<br>തണൽ വൃക്ഷങ്ങൾ നാട്ടു പിടിപ്പിക്കൽ,ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമിക്കാൻ .<br>സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | പി.ടി.എ, മാനേജ്മന്റ് |

| | | | | |
|---|---|---|---|---|
| 5) പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അദ്ധ്യാപകൻ - കുട്ടി, കുട്ടി-കുട്ടി എന്നിങ്ങനെ 2 തലത്തിൽ പരിശീലനം. | ആഴ്ചയിൽ 2 ദിവസം | SRG , സയൻസ് അദ്ധ്യാപകർ | പി.ടി.എ |

# ഗണിതം

# 2025-’26

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയ ധാരണകൈവരിക്കൽ | ഒപ്പത്തിൻപ്പം, പ്രെട്ടസ്ടനടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക്. | ജൂൺ ആദ്യവാരം | അധ്യാപികർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| നിർമ്മിതികളിലെ ശേഷി കൈവരിക്കാൻ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപികർ | ടീച്ചേർസ് ഗ്രാന്റ് |
| ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച ആശയങ്ങളുടെ പ്രാധന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സങ്കടിപ്പിക്കുന്നു | ഒരു ടേമിൽ ഒന്ന് | അധ്യാപികർ, പി.ടി.എ | പി.ടി.എ |
| ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവാ പരിചപ്പെടൽ. | ശില്പശാല നടത്തുന്നു, ക്ലബ് പ്രവർത്തനങ്ങൾ സങ്കടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപികർ, ഗണിത ക്ലബ് | പി.ടി.എ |
| സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപികർ, സംഘ തലവൻ | |
| അധ്യാപികർ കാലാനുസൃതമായി ചെയ്തു ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു | വിഷയ സമിതിയിൽ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ,പാഠസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷയം കൈവരിക്കുന്നു | അക്കാദമിക വർഷം, തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനെർ, മുതിർന്ന അധ്യാപികർ | |
| ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിത ഗ്രാമം: കുട്ടികൾ കൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത അധ്യപകരും ചേർന്നുള്ള കൂട്ടായിമ | ശനിയാഴ്ചകളിലും മറ്റു അവധി ദിവസങ്ങളിലും | ഗണിത അധ്യാപികർ | ഗണിത ക്ലബ്, മാനേജ്മന്റ് |

| | | | | |
|---|---|---|---|---|
| ഗണിത മത്സരവേദിയിലേക്ഃ മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കാൻ | മാസത്തിൽ ഒന്ന് | ക്ലബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക് ആവശ്യമായ പഠനോപകണങ്ങൾ ശേഖരിക്കൽ | മെയ്/ജൂൺ | ക്ലബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| രക്ഷിതാക്കളെ ബോധവത്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ നടത്തുന്ന ചുമതലകൾ നൽകുന്നു | എല്ലാ അധ്യാപകരും | അധ്യാപകർ, HM , പി.ടി.എ പ്രസിഡന്റ് | |

# <u>സാമൂഹ്യശാസ്ത്രം</u>

# 2025-’26

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1)പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കുക, ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | ചരിത്രപ്രധാനമുള്ള സ്ഥലങ്ങളിലേക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | നിശ്ചിത തീയതികൾ (അക്കാദമിക വർഷം) | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മതി എടുക്കുക, പൗരബോധം, മൂല്യബോധം ഇവ വളർത്തുക | സ്കൂൾ പാർലമെന്റ്, ഭരണഘടനാ പതിപ്പ് തയ്യാറാക്കൽ, പൗരബോധം, സാമൂഹ്യസേവനം ഇവയ്ക്കുള്ള പ്രവർത്തനങ്ങൾ നടത്തുക | അക്കാദമിക വർഷം പ്രത്യേകം തിരഞ്ഞെടുക്കുന്ന ദിനങ്ങൾ | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | കുട്ടികൾ,സ്കൂൾ , പി.ടി.എ |
| 3) ഭൂപടവായന കുട്ടികളിൽ വളർത്തുക, സ്ഥലനിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | ഭൂപടവായന പ്രോത്സാഹിപ്പിക്കാൻ കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു, അറ്റ്ലസ് നിർമ്മാണം | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | |
| 4) കുട്ടികൾ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസ്, ദിനാചരണങ്ങൾ , പ്രശ്നോത്തരി, സംവാദം എന്നിവയെകുറിച്ച കൂടുതൽ വ്യക്തമായ ധാരണ നൽകുക, ചരിത്രസിനിമ പ്രദർശനം | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | പി.ടി.എ |
| 5) വ്യത്യസ്ത ഈണം മണ്ണിനെക്കുറിച്ചും ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവതങ്ങൾ | വിവിധ മേഖലകളെക്കുറിച്ചു അവബോധം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾ | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | |

| | | | | |
|---|---|---|---|---|
| ഇവയെല്ലാം പരിചയപ്പെടുത്ത ുക എന്ന ലക്ഷ്യം | | | | |

# ഹിന്ദി

# 2025-’26

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) മുഴുവൻ വിദ്യാർത്ഥികൾക്കു ം ഹിന്ദി വായിക്കാൻ സാധിക്കണം | ഹിന്ദി ഗ്രന്ഥശാല<br>സ്കൂൾ ലൈബ്രറിയിൽ ഉള്ള ഹിന്ദി പുസ്തകങ്ങൾ കുട്ടികൾക്ക് കാണുവാനും വായനയിലൂടെ ആസ്വദിക്കാനുമുള്ള അവസരം ഒരുക്കുന്നു. പ്രത്യേകമായി ഹിന്ദി ബാലസാഹിത്യം, ബലമാഗസിനുകൾ എന്നിവ പരിചയപ്പെടാൻ അവസരം ഒരുക്കുന്നു | അക്കാദമിക വർഷം | ഹിന്ദി അദ്ധ്യാപകർ | |
| 2) ഹിന്ദിയിൽ കൂടുതൽ വാക്ക്കൾ പരിചയപ്പെടുക | വായന കാർഡുകൾ<br>ഹിന്ദി വാക്കുകൾ,അവയുടെ അർഥം തിരിച്ചറിയുവാൻ വായന കാർഡുകൾ തയ്യാറാകുക | അക്കാദമിക വർഷം | ഹിന്ദി അദ്ധ്യാപകർ | |
| 3) കൂടുതൽ എഴുതുവാൻ വേണ്ട അവസരം നൽകുക | കോപ്പി ബുക്ക്<br>എല്ലാ ക്ലാസ്സുകളിലും കോപ്പി ബുക്കുകൾ എഴുതുവാൻ വേണ്ട സാഹചര്യം ഒരുക്കുക | അക്കാദമിക വർഷം | ഹിന്ദി അദ്ധ്യാപകർ | പി.ടി.എ |
| 4)ഹിന്ദിയിൽ അവതരിപ്പിക്കാനു ള്ള കഴിവ് ഉണ്ടാക്കി എടുക്കുക | ഹിന്ദി അസ്സെംബി<br>സ്കൂൾ അസ്സെംബ്ലയിൽ ഹിന്ദിയിൽ ഉള്ള പ്രാർത്ഥന, പ്രതിജ്ഞ ,വാർത്ത, ഹിന്ദി ഭാഷയുടെ പ്രാധന്യം, അവതരിപ്പിക്ക തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക | അക്കാദമിക വർഷം | ഹിന്ദി അദ്ധ്യാപകർ | |
| 5)ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ ക്ക് അവസരം കൊടുക്കുക | ഹിന്ദി ക്ലബ്<br>ഹിന്ദി ഭാഷാപ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് ഹിന്ദി ക്ലബ് ആരംഭിക്കുക . പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ കമ്മിറ്റി ഉണ്ടാക്കി ചുമതല നൽകുന്നു | അക്കാദമിക വർഷം | ഹിന്ദി അദ്ധ്യാപകർ | |
| 6) മത്സരങ്ങളിൽ പങ്കെടുക്കാൻ ഉള്ള അവസരം | ഹിന്ദിയിൽ പാടുവാനും പറയുവാനും എഴുതുവാനും പ്രേരിപ്പിക്കുന്ന വിവിധ | അക്കാദമിക വർഷം | ഹിന്ദി അദ്ധ്യാപകർ | |

| | | | | |
|---|---|---|---|---|
| നൽകുക | മത്സരങ്ങൾ (ഹിന്ദി കവിത ആലാപനം, കവിത രചന, പ്രസംഗം, പ്രബന്ധ അവതരണം ) സങ്കടിപികുക | | | |
| 7) വിവിധ സാങ്കേതിക വിദ്യയിലൂടെ ഹിന്ദി തിയേറ്റർ ഒരുക്കുക | ഹിന്ദി പഠനത്തിന് സഹായകമായ വിവിധ ദൃശ്യ-ശ്രവ്യ സാമഗ്രികൾ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനായി വിവര-സാങ്കേതികവിദ്യ ഉപയോഗിക്കും. പഠനവുമായി ബന്ധപ്പെട്ടവരുടെ സിനിമകൾ, ഷോർട്ട് ഫിലിമുകൾ ഇന്നവ കാണുന്നതിന് കുട്ടികൾക്ക് അവസരം ഒരുക്കുക | അക്കാദമിക വർഷം | ഹിന്ദി അദ്ധ്യാപകർ | |

# ENGLISH 2025-’26

| Aim | Activities | Timeline | Duty | Expenditure |
|---|---|---|---|---|
| 1) To enable all students to read, write and speak English proficiently | 1) Conducting English classes entirely in English<br>2) Activating the English club by organizing activities like debates, seminars and speeches in English.<br>3) Assigning different classes the responsibility to get ready for anchoring in the stage.<br>4) Every student writes a diary in English | English club activities are planned for one day a week, over a period of one year. | The English club secretary and class in charge are responsible for the English club activities | |
| 2) Development of creative abilities in | 1) English story/peotry writing camp for 3 months.<br>2)preparing various discourses based on the chapters like presentation of the script, dramatization and conversation<br>3) English news reading.<br>4)Stage presentation of various language activities. | Once in a year | English Teachers | |
| 3) Ability to use English language with proper grammar. | Give much importance to class along with the textual learning. | Every day | English teachers | |
| 4) Improve reading | Encourage them to read more books and also promote English newspaper reading. | Once in a week | English teachers | |

# <u>മലയാളം</u>

# 2025-’26

| ലക്ഷ്യം | പ്രവർത്തനം | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്ക അവസ്ഥാ പരിഹരിക്കൽ | 1) പ്രീ ടെസ്റ്റ്<br>2) അക്ഷരം ഉറപ്പിക്കൽ<br>3) അടയാളം ഉറപ്പിക്കൽ<br>4) അക്ഷര കാർഡ് നൽകൽ<br>5) വാക്കുകൾ എഴുതിയ കാർഡ്<br>6) വാക്കുകൾ നിർമ്മിക്കൽ<br>7) വാക്യങ്ങൾ നിർമ്മിക്കൽ<br>8) ചിത്രം - അടിക്കുറിപ്പ്<br>9) ചിത്രം - കഥ എഴുതൽ<br>10) ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം - ഓഗസ്റ്റ്, സെപ്റ്റംബർ | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അദ്ധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരൻ ആകുക | 1) ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2) സ്കൂൾ ലൈബ്രറി നവീകരിക്കാൻ<br>3) സമീപ ഗ്രന്ഥാശാല അംഗത്വം<br>4)വായനോത്സവം<br>5)പത്രവായന<br>6)പുസ്തക ചർച്ച<br>7)വായനാനുഭവം<br>8)വായന കുറിപ്പ് പതിപ്പ്<br>9)വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം<br>10)ദിനാചരണം<br>11)സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12)ആനുകാലിക പ്രസിദ്ധികരണങ്ങളും വായനയും<br>13)ആസ്വാദകരമായ വായന<br>14)ഇ- വായന | 6 മാസം | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>ഇന്റർനെറ്റ്<br>കമ്പ്യൂട്ടർ | പി.ടി.എ, അദ്ധ്യാപകർ |

| | | | | |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തുകാരൻ ആകുക | 1)എഴുത്തുകൂട്ടം രൂപീകരണം<br>2)പുസ്തക ചർച്ച<br>3)വായന കുറിപ്പ്, പതിപ്പ്<br>4)വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>5)ചുമർ പത്രിക<br>6)സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7)വ്യക്തിഗത രചന, സംഘരചന<br>8)ഭാഷ പ്രൊജക്ട്<br>9)സാഹിത്യകാരന്മാരുമായുള്ള അഭിമുഖം , സംവാദം<br>10)സാഹിത്യ-സാംസ്കാരിക ചിത്ര ഗാലറി | **6** മാസം | ലൈബ്രറി പുസ്തകം ഫോട്ടോകൾ പുസ്തകങ്ങൾ | പി.ടി.എ, അദ്ധ്യാപകർ |
| 4) സദസ്സിനെ അഭിമുഖികരിക്കാൻ പ്രാപ്തരാക്കുക | 1)പ്രസംഗ പരിശീലന കളരി<br>2)വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാകുക<br>3)മികച്ച പ്രസംഗളുടെ ഓഡിയോ വീഡിയോ എന്നിവ കേൾപ്പിക്കുന്നു<br>4)പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക | **6** മാസം | ഓഡിയോ, വീഡിയോ | ട്രൈനെർ, അദ്ധ്യാപകർ |

# <u>സംസ്കൃതം</u>

# 2025-’26

| ലക്ഷ്യം | പ്രവർത്തനം | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 1) ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ. | • **1. ഭാഷ ജ്ഞാനം** അക്ഷരം എഴുത്തു<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്<br>• വാക്കുകൾ എഴുതിയ കാർഡ്<br>• ക്ലാസ്സിൽ അക്ഷരമാല പ്രദർശനം<br>• അക്ഷരമാല കളികൾ<br>• അക്ഷരമരം നിർമ്മികൾ<br>• കാർട്ടൂൺ പ്രദർശനം<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക | ജൂൺ - ഓഗസ്റ്റ് | അക്ഷര ചാറ്റ് പാഠപുസ്തകം ഐ.സി.ടി. | പി.ടി.എ. റിസോഴ്സ് അദ്ധ്യാപിക |
| | **2. പറയാം പഠിക്കാം**<br>• ചിത്രങ്ങളുടെ പേര് പറയൽ<br>• ചിത്രകഥകൾ<br>• ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ | ജൂൺ- ജൂലൈ | സംസ്കൃത കഥാപുസ്തകം ഐ.സി.ടി. | റിസോഴ്സ് അദ്ധ്യാപിക |
| 2) വീട് ഒരു പരീക്ഷണശാല | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാകുക<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം | സെപ്റ്റംബർ - ഒക്ടോബർ | സംസ്കൃതം നിഘണ്ടു | |
| 3) വായനാലോകം | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക<br>• ഒരു സംസ്കൃതം പെരിയഡിലും ആദ്യത്തെ അഞ്ചു മിനുറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേജ് ഉറക്കെ വായിക്കുക | 6 മാസം | ക്ലാസ് ലൈബ്രറി | റിസോഴ്സ് അദ്ധ്യാപിക |

| | | | | |
|---|---|---|---|---|
| | • വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസ്സെംബ്ലയിൽ അനുമോദിക്കുക | | | |
| **4)** കരിക്കുലം ലക്ഷ്യം വെക്കുന്ന സംസ്കൃതഭാഷാ പഠന നേട്ടങ്ങൾ | • ക്ലബ് രൂപീകരണം<br>• പഠനോപകരണ നിർമ്മാണം<br>• കലണ്ടർ നിർമ്മാണം<br>• ഗൃഹ സന്ദർശനം<br>• പഠനയാത്ര | ജൂൺ - മാർച്ച് | ചർട്ട് ചിത്രം | റിസോഴ്സ് അദ്ധ്യാപിക |
| **5)** മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ | • ആനുകൂലികങ്ങൾ വായിക്കാൻ നൽകുന്നു<br>• എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു<br>• മാതൃക ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു | ജൂൺ - മാർച്ച് | ക്ലാസ്സ്റൂം | റിസോഴ്സ് അദ്ധ്യാപിക |
| **6)** ആസ്വാദന ലോകം | • നാടകം, കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു<br>• വായിക്കാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്കു അവസരം നൽകൽ<br>• മാസത്തിൽ ഒരു തവണ ആസ്വാദന സഭ ചേരുന്നു<br>• ഒരിക്കൽ അവതരിപ്പിച്ച കുട്ടിയെ അടുത്ത സഭയിൽ ആസ്വാദകൻ ആകണം | **5** മാസം | സംസ്കൃതം ക്ലാസ്സ്റൂം | റിസോഴ്സ് അദ്ധ്യാപിക |
| **7)** പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ | • പ്രത്യേകം പരിഗണന അർഹിക്കുംമവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>• ഗ്രിഹസന്ദർശനം നടത്തുന്നു | ജൂൺ-മാർച്ച് | ക്ലാസ്സ്റൂം | റിസോഴ്സ് അദ്ധ്യാപിക |

| | | | | |
|---|---|---|---|---|
| **8)**ക്ലാസ് റൂം ആകർഷകം ആകുന്നതിനു | • പെയിന്റിംഗ്<br>• ലൈബ്രറി ഒരുക്കുന്നു<br>• സൗകര്യ പ്രദമായ ഇരിപ്പിടം ഒരുക്കുന്നു | | | |

# ആർട്ട് എഡ്യൂക്കേഷൻ

# 2025-’26

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാപരമാ യ പരിചയപ്പെടൽ | ഓരോ കുട്ടികളുടെയും കഴിവുകൾ മനസ്സിലാക്കി അവരുടെ വിവരങ്ങൾ അടങ്ങുന്ന ലിസ്റ്റ് തയ്യാറാക്കുന്നു | അക്കാദമിക വർഷം | അദ്ധ്യാപകൻ | |
| "ലഹരിക്കെതിരെ"- വീഡിയോ ആൽബം തയ്യാറാക്കൽ | 1) നേരത്തെ തയ്യാറാക്കിയിട്ടുള്ള ലിസ്റ്റ് അനുസരിച്ചു് ലഭിച്ച പാട്ടുകാരെ ഉപയോഗിച്ച് ലഹരി വിരുദ്ധ ദിനത്തിൽ "ലഹരിക്കെതിരെ" ഒരു വീഡിയോ ആൽബം തയ്യാറാക്കുന്നു.<br>2) ഡാൻസ് ചെയ്യുവാൻ നല്ല കഴുവുള്ളവരെ ഉപയോഗപ്പെടുത്തി അതിനായി നൃത്ത ചുവടുകൾ ഒരുക്കുന്നു.<br>3) ചിത്രം വരാക്കുവാൻ കഴിവുള്ളവരെ ആൽബത്തിന്റെ ആർട്ട് ഡയറക്ഷൻ ജോലികൾ ഏല്പിക്കുന്നു<br>4)നേതൃപാടവമുള്ളവരെ പ്രോഗ്രാമിന്റെ നടത്തിപ്പ് ഏല്പിക്കുന്നു<br>അങ്ങനെ ലഹരിവിരുദ്ധ ദിനത്തിൽ "ആന്റി-ഡ്രഗ്" സോങ് ആൽബം അവതരിപ്പിക്കുന്നു | **June** | അദ്ധ്യാപകൻ | പി.ടി.എ, അദ്ധ്യാപകർ |
| സ്വതന്ത്ര ദിന ഓഡിയോ - വിഷ്വൽ ആൽബം | 1)സ്വതന്ത്ര ദിനവുമായി ബന്ധപെട്ടു കുട്ടികളിൽ ദേശബോധം വളർത്തുവാൻ ഒതുക്കുന്ന ഒരു ഓഡിയോ വിഷ്വൽ ആൽബം തയ്യാറാക്കുന്നു.<br>2)നേരത്തെ തയ്യാറാക്കിയിട്ടുള്ള ലിസ്റ്റ് അനുസരിച്ചു് ലഭിച്ച കലാകാരന്മാരെയും കലാകാരികളെയും അതിനായി ഉപയോഗപ്പെടുത്തി സ്കൂളിലെ ക്യാമെറയിൽ ആൽബം ചിത്രീകരിക്കുന്നു | **August** | അദ്ധ്യാപകൻ | പി.ടി.എ, അദ്ധ്യാപകർ |
| യുവജനോത്സവം , പ്രവർത്തിപരിചമേള | യുവജനോത്സവങ്ങൾക്കും പ്രവർത്തിപരിചമേളകൾക്കും കുട്ടികളെ സജ്ജമാക്കുന്നു | അക്കാദമിക വർഷം | അദ്ധ്യാപകൻ | പി.ടി.എ, അദ്ധ്യാപകർ |

| | | | | |
|---|---|---|---|---|
| ക്രിസ്തുമസ് | കുട്ടികൾ പാടി അഭിനയിക്കുന്ന ഒരു ക്രിസ്തുമസ് സംഗീത ആൽബം നിർമിക്കുന്നു | **November - December** | അദ്ധ്യാപകൻ | |

# ആരോഗ്യകായിക

# വിദ്യാഭ്യാസം

# 2025-’26

| പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം | റിമാർക്സ് |
|---|---|---|---|---|
| സ്കൂളിലെ മുഴുവൻ കുട്ടികൾക്കും നീന്തൽ പഠനം | ജൂൺ മൂന്ന് മുതൽ ഫെബ്രുവരി വരെ | സ്കൂൾ തല സമിതികൾ | വിദ്യാലയ വികസന സമിതി, പൂർവ്വവിദ്യാർത്ഥികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ,സ്പോൺസോർസ് | സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും നീന്തൽ പഠം ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം |
| സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഹൃദയേശ്വസന ക്ഷമത വർധിപ്പിക്കുന്നതിനും കായികശേഷി വർധിപ്പിക്കുന്നതിനും വേണ്ടി Aerobics പരിശീലനം | ജൂൺ മൂന്ന് മുതൽ ഫെബ്രുവരി വരെ | സ്കൂൾ തല സമിതികൾ | വിദ്യാലയ വികസന സമിതി, പൂർവ്വവിദ്യാർത്ഥികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ,സ്പോൺസോർസ് | ഘട്ടം ഘട്ടമായി മാത്രമേ ഈ പദ്ധതി പൂർത്തിയാക്കാൻ സാധിക്കൂ സ്കൂളിൽ നടത്തിയ അവസ്ഥാപഠനത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികളുടെ കായിക ശേഷി വർധിപ്പിക്കുന്നതിനായിനടത്തുന്ന പ്രവർത്തനം. |

# IT വിദ്യാഭാസം

# 2025-’26

| പ്രവർത്തനം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠനപ്രവർത്തനങ്ങൾ ചർച്ചാരീതിയിൽ ഐ.സി.ടി. സഹായത്തോടെ പൂർത്തിയാക്കാൻ അദ്ധ്യാപകരെ പ്രാപ്തരാക്കുക. | സ്കൂൾ അദ്ധ്യാപക പരിശീലനങ്ങൾ സംഘടിപ്പിക്കുക . ഓരോ കാലഘട്ടത്തിലും മാറി വരുന്ന സോഫ്റ്റ് വെയറുകൾ ഐ.സി.ടി.ഉപകരണങ്ങൾ എന്നിവ അദ്ധ്യാപകർക്കു പരിചയപ്പെടുത്തുകയും അതുവഴി പഠനപ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു. | അക്കാദമിക വർഷം | ഐ.സി.ടി. പരിശീലനം നേടിയ അദ്ധ്യാപകർ | പി.ടി.എ. |
| 2) പഠനപ്രവർത്തനങ്ങളിലൂടെ പ്രായോഗിക പരിശീലനം സാധ്യമാകുക | ഹ്രസ്വ ചലച്ചിത്ര നിർമാണങ്ങൾ സംഘടിപ്പിക്കുക. ഇതുവഴി പഠനത്തിലൂടെ പരിചയിച്ച സങ്കീടിക വിദ്യകൾ പ്രായോഗിക തലത്തിൽ ഉപയോഗിക്കാനുള്ള കഴിവുകൾ നേടുന്നു. | അക്കാദമിക വർഷം | ഐ.സി.ടി. പരിശീലനം നേടിയ അദ്ധ്യാപകർ ലിറ്റിൽ കൈറ്റ്സ് അംഗംകൾ | ഐ ടി ക്ലബ് |
| 3)ഓരോ കാലഘത്തിലും സാങ്കേതിക വിദ്യകൾ നൂതനമാക്കുന്നതിനൊപ്പം ദുരുപയോഗം നടക്കുന്നു. ഇത്തരം ദുരുപയോഗങ്ങളെ കുറിച്ച് വിദ്യാർത്ഥികളെ ബോധവത്കരിക്കുക | സൈബർ ദുരുപയോഗങ്ങൾക്കു എതിരെയുള്ള ബോധവത്കരണം. മാറി മാറി വരുന്ന സാങ്കേതിക വിദ്യകളെ കുറിച്ച് ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളെയും വിദ്യാർധികളെയും ബോധവത്കരിക്കുന്നതിനാവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഐ.സി.ടി. പരിശീലനം നേടിയ അദ്ധ്യാപകർ ലിറ്റിൽ കൈറ്റ്സ് അംഗംകൾ | ഐ ടി ക്ലബ് . |
| 4) നിത്യജീവിതത്തിൽ സ്വതന്ത്ര സോഫ്റ്റ് വെയറുകൾ കൂടുതൽ ഉപയോഗിക്കുന്നതിനുള്ള പ്രാപ്തി ഒരോ | സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ പ്രചാരണം കുട്ടികളിലൂടെ നടത്തുന്നു. | അക്കാദമിക വർഷം | ഐ.സി.ടി. പരിശീലനം നേടിയ അദ്ധ്യാപകർ ലിറ്റിൽ കൈറ്റ്സ് അംഗംകൾ | |

| | | | | |
|---|---|---|---|---|
| വിദ്യാർത്ഥിയും നേടുക അടുത്തുവഴി സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ ഉപഗോയം പ്രചാരത്തിലാക്കുക. | | | | |
| 5) സ്മാർട്ട് ക്ലാസ്സ്റൂം ഫലപ്രദമായ രീതിയിൽ ഉപയോഗം | വിഷയാടിസ്ഥിതമായ ഐ.സി.ടി ഉപയോഗിച്ചുകൊണ്ട് ക്ലാസ്സ്റൂം സജീവമാകുന്നു. | അക്കാദമിക വർഷം | ഐ.സി.ടി. പരിശീലനം നേടിയ അദ്ധ്യാപകർ ലിറ്റിൽ കൈറ്റ്സ് അംഗംകൾ ക്ലാസ് ഐ.ടി. കോർഡിനേറ്റർമാർ | |

# ഉപസംഹാരം

**പാമ്പാക്കുട എം.ടി.എം ഹൈസ്കൂളിന്റെ** ഈ വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പഠ്യേതര പ്രവർത്തനവുമായി ബന്ധപെട്ടു കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭയാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധയാലുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അതിനു കഴിയുമെന്ന ഉത്തമ വിശ്വാസവും ഞങ്ങൾക്കുണ്ട്.